# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2959 13/07/2015-ൽ മറുപടിയ്ക്ക്**

**ചേർത്തല അർത്തുങ്കൽ റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പ്രാഥമിക സൗകര്യങ്ങൾ**

**ചോദ്യം**

**ശ്രീ. പി. തിലോത്തമൻ:**

(എ) ചേർത്തല അർത്തുങ്കൽ റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ ഈ സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചു; പ്രസ്തുത സ്ക്കൂൾ അധികൃതർ എന്തെല്ലാം ആവശ്യങ്ങൾ ഉൾപ്പെടുത്തിയ നിവേദനമാണ് സർക്കാരിന് സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) തീരദേശത്തുള്ളതും മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നും വരുന്ന സാധാരണക്കാരായ നിരവധി കുട്ടികൾ പഠിക്കുന്നതുമായ റസിഡൻഷ്യൽ സ്ക്കൂളായിട്ടും നല്ല കട്ടിലുകളും പ്രാഥമികമായ ഒട്ടേറെ സൗകര്യങ്ങളും ഇനിയും പ്രസ്തുത സ്ക്കൂളിൽ ഇല്ലെന്നുള്ള കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) യും (ബി) യും ചേർത്തല അർത്തുങ്കൽ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്ക് തീരദേശ വികസന കോർപ്പറേഷൻ മുഖേന 119.50 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾ താമസിച്ചു പഠിക്കുന്ന ഈ സ്ഥാപനത്തിലെ ഹോസ്റ്റലിന്റെയും, സ്ക്കൂളിന്റെയും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്

***ഹോസ്റ്റൽ***

1. ഹോസ്റ്റലിലെ തറ പൂർണ്ണമായും ടൈൽ ചെയ്തു.
2. ഹോസ്റ്റലിന്റെ മേൽക്കൂര പ്ളാസ്റ്റർ ചെയ്തു.
3. എല്ലാ ജനലുകളും പഴയതുമാറ്റി പുതിയത് നിർമ്മിച്ചു.
4. ടോയ്‌ലറ്റുകളിലെ പഴയ പ്ളംബിംഗ് ജോലികൾ, വാൾ ടൈൽ, ഫ്ളോർ ടൈൽ എന്നിവയെല്ലാം മാറ്റി പുതിയത് നിർമ്മിച്ചു.
5. പഴകിയ ഇലക്ട്രിഫിക്കേഷൻ മാറ്റി പുതുതായി ഇലക്ട്രിഫിക്കേഷൻ നടത്തി.
6. ഹോസ്റ്റൽ പൂർണ്ണമായും പെയിന്റിംഗ് നടത്തി
7. കുട്ടികൾക്ക് കിടക്കുന്നതിനാവശ്യമായ കിടക്കകളും, കൊതുകുവലകളും വാങ്ങി നൽകി.

## ***സ്ക്കൂൾ, ക്ളാസ്സ് റൂമുകൾ***

1. എല്ലാ ക്ളാസ്സ് മുറികളും ടൈൽ ചെയ്തു.
2. എല്ലാ ക്ളാസ് മുറികളും പെയിന്റിംഗ് നടത്തി
3. സ്ക്കൂൾ കോമ്പൗണ്ട് പൂർണ്ണമായും ഇന്റർ ലോക്ക് ചെയ്യുന്ന ജോലി നടന്നു കൊണ്ടിരിക്കുന്നു.
4. കോമ്പൗണ്ട് വോൾ ഉയരം കൂട്ടുന്ന ജോലി നടന്നുവരുന്നു.
5. സ്ക്കൂൾ ലബോറട്ടറിയ്ക്കാവശ്യമായ ഉപ കരണങ്ങൾ വാങ്ങി നൽകി
6. ക്ളാസ്സ് മുറികളിലെ പഴയ ഇലക്ട്രിഫി ക്കേഷൻ മാറ്റുന്നതിനുള്ള ജോലി ഉടനെ ആരംഭിക്കും.
7. കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, പ്രിന്റർ, ഓഫീസ് ഫർണ്ണിച്ചർ എന്നിവയ്ക്കുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.
8. മെസ്സിലേയ്ക്കാവശ്യമായ പാത്രങ്ങൾ വാങ്ങി നൽകി
9. കിച്ചണിലേക്കാവശ്യമായ വിറകുകൾ സൂക്ഷിക്കുന്നതിനുള്ള വിറകുപുര നിർമ്മിച്ചു.

മുകളിൽ പറഞ്ഞതുൾപ്പെടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സ്കൂൾ അധികൃതരിൽ നിന്നും സർക്കാരിന് നിവേദനമൊന്നും ലഭിച്ചിട്ടില്ല.

**സെക്ഷൻ ആഫീസർ**